"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ പുനലൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും പുനലൂർ താലൂക്കിൽ വാളക്കോട് വില്ലേജിലെ 9.04 ഏക്കർ വസ്തുവിൽ നിന്നും 2 ഏക്കർ സ്ഥലം മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യ ലിമിറ്റഡ്-നും, 2.5 ഏക്കർ സ്ഥലം സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷനും 30 വർഷത്തേക്ക് പാട്ട വ്യവസ്ഥയിൽ വിട്ടു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ.) വകുപ്പ്**

സ.ഉ.(കൈ) നം.47/2024/LSGD തീയതി, തിരുവനന്തപുരം, 16-03-2024

---

പരാമർശം:-
1. പുനലൂർ നഗരസഭാ ഭരണസമിതിയുടെ 26.10.2022 -ലെ 6(1) നമ്പർ തീരുമാനം.
2. തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ) ഡയറക്ടറുടെ 10.03.2023 -ലെ DUA/10761/2022-G1 നമ്പർ കത്ത്

**ഉത്തരവ്**

പുനലൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും പുനലൂർ താലൂക്കിൽ വാളക്കോട് വില്ലേജിൽ സർവേ നമ്പർ 709/1, 709/2/4, 709/1/4, 711/1/239/266, 711/1/86/316 -ൽ ഉൾപ്പെട്ട 9.04 ഏക്കർ വസ്തുവിൽ നിന്ന് 2 ഏക്കർ സ്ഥലം മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യ ലിമിറ്റഡ്-നും, 2.5 ഏക്കർ സ്ഥലം സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷനും 30 വർഷത്തേക്ക് പാട്ട വ്യവസ്ഥയിൽ അനുവദിച്ച് നൽകുന്നതിന് സർക്കാർ അനുമതിക്കായി അപേക്ഷിക്കുന്നതിന് പരാമർശം (1) പ്രകാരം തീരുമാനമെടുത്തിരുന്നു.

2). പുനലൂരിൽ പോളിടെക്നിക്ക് കോളേജ് അനുവദിച്ചതിനെ തുടർന്ന് പോളിടെക്നിക്കിന് കെട്ടിടം നിർമ്മാണത്തിനായിട്ടാണ് നഗരസഭ ടി ഭൂമി വാങ്ങിയിരുന്നതെങ്കിലും ടി സ്ഥലത്തു എത്തിച്ചേരുന്നതിനു വാഹന സൗകര്യം ഇല്ലാത്തതിനാൽ കെട്ടിടം നിർമ്മിച്ചിരുന്നില്ല. നിലവിൽ ഉപയോഗ ശൂന്യമായി കിടക്കുന്ന ടി (9 ഏക്കർ) ഭൂമിയിൽ നിന്നും 2 ഏക്കർ കരഭൂമി മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യ ലിമിറ്റഡ്-നും, 2.5 ഏക്കർ കരഭൂമി കേന്ദ്ര വെയർ ഹൗസിംഗ് കോർപ്പറേഷനും 30 വർഷത്തേയ്ക്ക് പാട്ടക്കരാർ വ്യവസ്ഥയിൽ കൈമാറ്റം ചെയ്യുന്നതിന് ടി സ്ഥാപനങ്ങൾ നഗരസഭയോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിലും, ഇതുവഴി തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനുമാണ് സ്ഥലം വിട്ടുനൽകുന്ന വിഷയം നഗരസഭാ കൗൺസിലിൽ പരിഗണിച്ചതെന്ന് പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ) ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുനലൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും പുനലൂർ താലൂക്കിൽ വാളക്കോട് വില്ലേജിൽ സർവേ നമ്പർ 709/1, 709/2/4, 709/1/4, 711/1/239/266, 711/1/86/316 -ൽ ഉൾപ്പെട്ട 9.04 ഏക്കർ വസ്തുവിൽ നിന്ന് റിസോഴ്സ്

റിക്കവറി ഫസിലിറ്റി (ആർ.ആർ.എഫ്.), മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റി (എം.സി.എഫ്) മറ്റ് മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് ആവശ്യമായ സ്ഥലം നീക്കി വച്ച് ബാക്കിയുള്ള സ്ഥലത്ത് നിന്നും 2 ഏക്കർ സ്ഥലം മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യ ലിമിറ്റഡ്-നും, 2.5 ഏക്കർ സ്ഥലം സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷനും 2000 - ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരമുള്ള വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായും, ബന്ധപ്പെട്ട തഹസിൽദാർക്ക് അപേക്ഷ നൽകി പാട്ടത്തുക നിശ്ചയിക്കേണ്ടതാണെന്ന നിബന്ധനയോടെയും പാട്ടവ്യവസ്ഥയിൽ 30 വർഷത്തേക്ക് വിട്ടു നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗീതാലക്ഷ്മി എം ബി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

സെക്രട്ടറി, പുനലൂർ നഗരസഭ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്, എൽ.ബി.എ. & എ&ഇ), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

നിയമ വകുപ്പ് (ഉപദേശം ഡി3/132/2023/നിയമം)

ഐ& പി.ആർ.ഡി. - വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ / ഓഫീസ് കോപ്പി (ആർ.ഇ1/109/2023/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

Signed by

Bindu S

സെക്ഷൻ ഓഫീസർ

Date: 16-03-2024 16:19:55